ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:10.03.2025**

## പ്രധാനവാർത്തകൾ

1.) **പാർലമെൻറ് ബജറ്റ് സമ്മേളനത്തിൻറെ രണ്ടാംഘട്ടത്തിന് തുടക്കമായി. ആശാ പ്രവർത്തകരുടെ പ്രശ്നങ്ങൾ പാർലമെൻറിൽ ഉന്നയിച്ച് കേരളത്തിൽ നിന്നുള്ള എംപിമാർ.**

2) **ക്ഷേമനിധി ബോർഡ് പെൻഷൻ കുടിശിക വിഷയത്തിൽ നിയമസഭയിൽ പ്രതിപക്ഷ വാക്കൗട്ട്.**

3) **വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിൻറെ രണ്ടും മൂന്നും ഘട്ടങ്ങൾക്ക് പാരിസ്ഥിതിക അനുമതി. പദ്ധതി പ്രതീക്ഷിച്ചതിലും നേരത്തെ പൂർത്തിയാക്കാൻ സാധിക്കുമെന്ന് മന്ത്രി വി.എൻ വാസവൻ.**

4) **ശബരിമലയിലെ ദർശന രീതിയിൽ മാറ്റം വരുത്താനൊരുങ്ങി ദേവസ്വം ബോർഡ്.**

5) **സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. 10 ജില്ലകളിൽ മഞ്ഞ ജാഗ്രത. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ നാളെ ഉയർന്ന തിരമാലകൾക്കും സാധ്യത.**

6) **വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ, ഇന്ന് മുംബൈ ഇന്ത്യൻസ്- ഗുജറാത്ത് ജയൻറ്സിനെ നേരിടും**

*******************************

RNU TVPM

## <u>കെസി വേണുഗോപാൽ- ലോക്സഭ (ഇൻട്രോ)</u>

പാർലമെൻററ് ബജറ്റ് സമ്മേളനത്തിൻറെ രണ്ടാംഘട്ടത്തിന് ഇന്ന് തുടക്കമായി. നടപ്പ് സാമ്പത്തിക വർഷത്തേക്കുള്ള അധിക ധനാഭ്യർത്ഥനകളും, ഉപധനാഭ്യർത്ഥനകളും ധനമന്ത്രി നിർമലാ സീതാരാമൻ ലോക്സഭയിൽ അവതരിപ്പിച്ചു. റെയിൽവേ ബോർഡിൻറെ പ്രവർത്തന സ്വാതന്ത്ര്യം വർദ്ധിപ്പിക്കുന്നതിനുള്ള റെയിൽവേ ഭേദഗതി ബിൽ കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് രാജ്യസഭയിൽ അവതരിപ്പിച്ചു. ആശവർക്കർമാരുടെ പ്രശ്നങ്ങൾ കേരളത്തിൽ നിന്നുള്ള എംപിമാർ പാർലമെന്റിൽ ഉന്നയിച്ചു. വിഷയത്തിൽ കേന്ദ്രവും സംസ്ഥാനവും അന്യോന്യം പഴി ചാരുകയാണെന്ന് കെസി വേണുഗോപാൽ എംപി ലോക്സഭയിൽ പറഞ്ഞു. ആശാപ്രവർത്തകരുടെ പ്രതിമാസ വേതനം 21,000 രൂപയാക്കി ഉയർത്തണമെന്നും, പെൻഷൻ അനുകൂല്യങ്ങൾ ഉറപ്പുവരുത്തണമെന്നും അദ്ദേഹം സഭയിൽ ആവശ്യപ്പെട്ടു .

(ഹോൾഡ് വോയിസ്)

തുച്ഛമായ ഓണറേറിയം മാത്രമാണ് ആശമാർക്ക് ലഭിക്കുന്നതെന്നും, സംസ്ഥാന സർക്കാരുമായി ചേർന്ന് ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്നും ശശിതരൂർ എംപി ആവശ്യപ്പെട്ടു.

RNU TVPM

*******************************

## <u>കടൽമണൽ</u>

കേരളാതീരത്ത് കടൽ മണൽ ഖനനത്തിന് അനുമതി നൽകുന്നതിൽ ആശങ്ക അറിയിച്ചുള്ള സംസ്ഥാന സർക്കാരിന്റെ കത്ത് കേന്ദ്രത്തിനു ലഭിച്ചതായി കേന്ദ്ര മന്ത്രി ജി കിഷൻ റെഡ്ഡി. കൊല്ലം ജില്ലയിലെ മൂന്നിടങ്ങളിൽ ഉൾപ്പെടെ രാജ്യത്തെ 13 ഓഫ്ഷോർ ബ്ലോക്കുകളിൽ കടൽ മണൽ ഖനനത്തിനുള്ള ലേല നടപടികൾക്കാണ് കേന്ദ്രം തുടക്കം കുറിച്ചത്. പരിസ്ഥിതി

മന്ത്രാലയത്തിന്റെയും, ഫിഷറീസ് വകുപ്പിന്റെയും അനുമതിയോടെയാണ് ഇത് സംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചതെന്നും ഹാരിസ് ബീരാൻ എം.പി യുടെ ചോദ്യത്തിന് മറുപടിയായി കേന്ദ്രമന്ത്രി രാജ്യസഭയെ അറിയിച്ചു.

*******************************

## നിയമസഭ - വാക്കൗട്ട് (ഇൻട്രോ)

സംസ്ഥാനത്തെ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ തൊഴിലാളികളുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും മാസങ്ങളായി കുടിശികയായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് നിയമസഭയിൽ പ്രതിപക്ഷം. എം വിൻസന്റ് നൽകിയ ഉപക്ഷേപ നോട്ടീസിന് സ്പീക്കർ അനുമതി നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭയിൽ നിന്നും വാക്ക്-ഔട്ട് ചെയ്തു. 11 ക്ഷേമനിധി ബോർഡുകളിലായി 2011 കോടി രൂപ കുടിശിക ഉണ്ടെന്നും, അടിസ്ഥാന വർഗത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ മുന്നോട്ട് വരണമെന്നും പ്രതിപക്ഷം പറഞ്ഞു. എന്നാൽ ക്ഷേമ നിധി ബോർഡ് അംഗങ്ങൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ സർക്കാർ യഥാസമയം വിതരണം ചെയ്യുന്നുണ്ട് എന്ന് തൊഴിൽ മന്ത്രിക്ക് വേണ്ടി മന്ത്രി കെ എൻ ബാലഗോപാൽ മറുപടി നൽകി. 2024 ഏപ്രിൽ മുതൽ കഴിഞ്ഞ മാസം വരെ പെൻഷൻ വിതരണം ഉറപ്പാക്കിയിട്ടുണ്ടെന്നും, മൂന്ന് ഗഡുക്കൾ കൊടുക്കാനുള്ളത് ഈ സാമ്പത്തിക വർഷം തന്നെ നൽകുമെന്നും മന്ത്രി പറഞ്ഞു.

(ഹോൾഡ്-വോയ്സ്)

ധനാഭ്യർത്ഥനയിന്മേലുള്ള ചർച്ചകളും നിയമസഭയിൽ ഇന്ന് നടന്നു.

*******************************

PRD TVPM

## വിഴിഞ്ഞം

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിൻറെ രണ്ടും മൂന്നും ഘട്ടങ്ങൾക്ക് പാരിസ്ഥിക അനുമതിയായി. ഇതു സംബന്ധിച്ച് കേന്ദ്രപരിസ്ഥിതി മന്ത്രാലയത്തിൻറെ ഉത്തരവ് ലഭിച്ചതായി മന്ത്രി വി.എൻ. വാസവൻ അറിയിച്ചു. വിഴിഞ്ഞം തുറമുഖ പദ്ധതി പ്രതീക്ഷിച്ചതിലും നേരത്തെ പൂർത്തിയാക്കാൻ ഇതിലൂടെ സാധിക്കും. കണ്ടെയ്നർ ടെർമിനൽ 1200 മീറ്റർ നീളത്തിലേക്ക് വിപുലീകരിക്കാനും, ബ്രേക്ക് വാട്ടറിൻറെ നീളം 900 മീറ്റർ കൂടി വർദ്ധിപ്പിക്കാനുമാണ് ഈ ഘട്ടത്തിൽ ലക്ഷ്യമിടുന്നത്.

*******************************

## ശബരിമല

ശബരിമലയിലെ ദർശന രീതിയിൽ മാറ്റം വരുത്താൻ തീരുമാനിച്ചതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻ്റ് പി എസ് പ്രശാന്ത്. ഭക്തർക്ക് കൊടിമരച്ചുവട്ടിൽ നിന്ന് ബലിക്കല്ല് വഴി ശ്രീകോവിലിലെത്തി അയ്യപ്പനെ ദർശിക്കാൻ സൗകര്യമൊരുക്കും. മീനമാസ പൂജകൾക്കായി നട തുറക്കുന്ന ഈ മാസം 14 ന് ഇതിൻറെ ട്രയൽ ആരംഭിക്കുമെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. പുതിയ രീതി നടപ്പാക്കുന്നതിലൂടെ ഭക്തർക്ക് ദർശനത്തിന് കൂടുതൽ സമയം ലഭിക്കും. മെയ് മാസ പൂജാവേളയിൽ ആഗോള അയ്യപ്പ സംഗമം പമ്പയിൽ സംഘടിപ്പിക്കും. തിരുവിതാകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിലെ വഴിപാടുകളുടെ നിരക്ക് വർദ്ധിപ്പിക്കുമെന്നും ദേവസ്വം ബോർഡ് പ്രസിഡൻറ് പറഞ്ഞു. ആന എഴുന്നള്ളത്ത് ഉൾപ്പെടെ ആചാരപരമായ തീരുമാനങ്ങളിൽ മാറ്റം വരുത്തുന്നതിന് തന്ത്രി സമൂഹവുമായി ചർച്ച നടത്തുമെന്നും അദ്ദേഹം അറിയിച്ചു.

RNU TVPM

*******************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.......

*****************************

## നിരോധനാജ്ഞ

ഇടുക്കി പരുന്തുംപാറയിൽ സർക്കാർ ഭൂമി കൈയ്യേറി അനധികൃതമായി സ്ഥാപിച്ച കുരിശ് റവന്യു വകുപ്പ് പൊളിച്ചു നീക്കി. അനധികൃത കൈയ്യേറ്റം മറയ്ക്കാനും ഇതിനെരെയുള്ള നടപടി ഒഴിവാക്കാനും തൃക്കൊടിത്താനം സ്വദേശി സജിത്ത് ജോസഫാണ് കുരിശ് സ്ഥാപിച്ചത്. ഇതോടൊപ്പം മറ്റ് അനധികൃത നിർമ്മാണവും പൊളിച്ച് നീക്കാൻ റവന്യു സംഘം നടപടി തുടങ്ങി. പരുന്തുപാറയിലെ കയ്യേറ്റങ്ങൾ പരിശോധിക്കാൻ 15 അംഗ സംഘത്തെ റവന്യൂമന്ത്രി കെ രാജൻ നിയോഗിച്ചു. പീരുമേട് വില്ലേജിലെ നിർദിഷ്ട പ്രദേശങ്ങളിൽ മെയ് രണ്ട് വരെ പ്രഖ്യാപിച്ചിട്ടുള്ള നിരോധനാജ്ഞ ലംഘിച്ചാൽ കർശന നടപടി ഉണ്ടാകുമെന്ന് ജില്ലാ കളക്ടർ വി വിഘ്നേശ്വരി അറിയിച്ചു.

RNUT/PM

*****************************

## ഓട്ടോറിക്ഷ-സമരം

സംയുക്ത ഓട്ടോറിക്ഷ തൊഴിലാളി യൂണിയനുകൾ സംസ്ഥാനത്ത് ഈ മാസം 18 ന് പ്രഖ്യാപിച്ചിരുന്ന സമരം പിൻവലിച്ചു. 'മീറ്റർ ഇട്ടില്ലെങ്കിൽ സൗജന്യ യാത്ര' എന്ന സ്റ്റിക്കർ ഓട്ടോറിക്ഷകളിൽ നിർബന്ധമായും പതിപ്പിക്കണമെന്ന ഉത്തരവ് പിൻവലിക്കാമെന്ന് സർക്കാർ അറിയിച്ചതിനെ തുടർന്നാണ് തീരുമാനം. ഗതാഗത വകുപ്പ് മന്ത്രി കെ ബി ഗണേഷ് കുമാർ തൊഴിലാളി യൂണിയനുകളുമായി നടത്തിയ ചർച്ചയിലാണ് സമവായമുണ്ടായത്.

*****************************

## പ്രത്യേക ട്രെയിനുകൾ-പൊങ്കാല

ആറ്റുകാൽ പൊങ്കാല പ്രമാണിച്ച് പ്രത്യേക ട്രെയിനുകൾ പ്രഖ്യാപിച്ച് റെയിൽവേ. പൊങ്കാല ദിവസമായ 13 ന് പുലർച്ചെ 1.30ന് എറണാകുളത്തുനിന്നും തിരുവനന്തപുരത്തേക്കും, ഉച്ചക്ക് 2.15ന് തിരിച്ചും പ്രത്യേക ട്രെയിൻ സർവീസ് നടത്തും. കൂടാതെ സ്ഥിരം ട്രെയിനുകൾക്ക് താൽക്കാലിക സ്റ്റോപ്പുകളും സമയ പുനഃക്രമീകരണവും പ്രഖ്യാപിച്ചിട്ടുണ്ട്

*****************************

## ആനയോട്ടം

ഗുരുവായൂർ ക്ഷേത്രോത്സവത്തിന് ആരംഭം കുറിച്ചുകൊണ്ടുള്ള ആനയോട്ടത്തിൽ ഗുരുവായൂർ ബാലു ജേതാവായി. ബാലു, ചെന്താമരാക്ഷൻ, ദേവി എന്നീ ആനകളാണ് മുൻനിരയിൽ ആനയോട്ടത്തിൽ പങ്കെടുത്തത്. ഉത്സവച്ചടങ്ങുകളുടെ ഭാഗമായി ക്ഷേത്രത്തിൽ ഇന്ന് മുതൽ ആരംഭിക്കുന്ന ശ്രീഭൂതബലി എഴുന്നള്ളിപ്പിൽ ബാലു തങ്കത്തിടമ്പേറ്റും.

RNUTVPM

*****************************

## വർക്കല ശിവഗിരി

ശ്രീനാരായണഗുരു - മഹാത്മാഗാന്ധി സമാഗമ ശതാബ്ദി ആഘോഷം മറ്റന്നാൾ വർക്കല ശിവഗിരിയിൽ നടക്കും. മഹാത്മാഗാന്ധിയുടെ ചെറുമകൻ തുഷാർ ഗാന്ധി , ശ്രീനാരായണ ധർമസംഘം ട്രസ്റ്റ് പ്രസിഡന്റ് സച്ചിദാനന്ദ സ്വാമികൾ, ട്രസ്റ്റ് ജനറൽ സെക്രട്ടറി ശുഭാംഗാനന്ദ സ്വാമികൾ, കോൺഗ്രസ്സ് നേതാവ് വി.എം. സുധീരൻ, തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

*****************************

## ഐക്കൺ അവാർഡുകൾ

കേരള സംസ്ഥാന യുവജന കമ്മീഷൻ 2024-25 വർഷത്തെ യൂത്ത് ഐക്കൺ അവാർഡുകൾ പ്രഖ്യാപിച്ചു. അഭിനേത്രി നിഖില വിമൽ, വനിതാ ക്രിക്കറ്റ് താരം സജന സജീവൻ, യുവ എഴുത്തുകാരൻ വിനിൽ പോൾ, കാർഷികരംഗത്തു നിന്ന് എം. ശ്രീവിദ്യ, വ്യവസായ മേഖലയിൽ നിന്നും ദേവൻ ചന്ദ്രശേഖരൻ, മാധ്യമ രംഗത്തു നിന്നും ആർ. റോഷിപാൽ എന്നിവർക്കാണ് പുരസ്കാരം.

*******************************

## എംഡിഎംഎ വേട്ട

കരിപ്പൂരിൽ വൻ ലഹരിവേട്ട. മയക്കുമരുന്ന് കേസിൽ എറണാകുളത്ത് റിമാൻഡിലായ കരിപ്പൂർ സ്വദേശി ആഷിഖിന്റെ വീട്ടിൽ നിന്നും ഒന്നരക്കിലോ എം ഡി എം എ പോലീസ് പിടിച്ചെടുത്തു. പുലർച്ചെ എത്തിയ പാർസൽ അന്വേഷണ സംഘം പിടികൂടുകയായിരുന്നു. കേരളത്തിലെ പല ഭാഗങ്ങളിലേക്കും ഇയാൾ എം ഡി എം എ എത്തിച്ചതായി പോലീസ് അറിയിച്ചു.

RNU TVPM

*******************************

## മന്ത്രി എം ബി രാജേഷ്

മയക്കുമരുന്നിനെതിരായ എക്സൈസിന്റെ മിന്നൽ പരിശോധനയിൽ 360 കേസുകളിലായി 81 ലക്ഷത്തിന്റെ മയക്കുമരുന്ന് പിടിച്ചെടുത്തതായി മന്ത്രി എം ബി രാജേഷ് . ആദ്യ അഞ്ച് ദിവസം കൊണ്ട് 368 അറസ്റ്റുകളും രേഖപ്പെടുത്തി. ഈ മാസം 5 മുതൽ 12 വരെയാണ് നിലവിൽ ക്യാമ്പയിൻ നിശ്ചയിച്ചിരിക്കുന്നത്.എന്നാൽ സ്കൂളുകൾ , കോളേജുകൾ , ബസ് സ്റ്റാൻഡ് പരിസരം തുടങ്ങിയവ കേന്ദ്രീകരിച്ച് വ്യാപക പരിശോധന തുടരുമെന്നും മന്ത്രി പറഞ്ഞു .

*******************************

## കനത്ത ചൂട് , കള്ളക്കടൽ

സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. 10 ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. പാലക്കാട് ജില്ലയിൽ താപനില 38 ഡിഗ്രി സെൽഷ്യസ് വരെയും, കൊല്ലം, തൃശൂർ ജില്ലകളിൽ 37 ഡിഗ്രി വരെയും ഉയരാൻ സാധ്യതയുണ്ട്.

*******************************

## മഴ - സംസ്ഥാനം

സംസ്ഥാനത്ത് ചില ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ നാളെയും മലപ്പുറം, വയനാട് ജില്ലകളിൽ മറ്റന്നാളും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ നാളെ രാവിലെ 08.30 മുതൽ മറ്റന്നാൾ രാത്രി 11.30 വരെ കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി ഉയർന്ന തിരമാലയ്ക്കും സാധ്യതയുണ്ട്. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിയ്ക്കണം.

RNU TVPM

*******************************

## വനിതാ പ്രീമിയർ ലീഗ്

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ, ഇന്ന് മുംബൈ ഇന്ത്യൻസ്- ഗുജറാത്ത് ജയൻറ്സിനെ നേരിടും. രാത്രി 7:30 ന് മുംബൈയിലെ ബ്രാബോൺ സ്റ്റേഡിയത്തിലാണ് മത്സരം. ടൂർണമെന്റിലെ ആദ്യ ഫൈനലിസ്റ്റിനെ നിർണ്ണയിക്കാൻ ഇന്നത്തെ മത്സരം നിർണായകമാണ്.

*******************************

## ഐ എസ് എൽ

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് പഞ്ചാബ് എഫ്സി മൊഹമ്മദൻ എസ് സിയെ നേരിടും. കൊൽക്കത്തയിൽ രാത്രി 7.30നാണ് മത്സരം.

*******************************************************************************************************************

********************************

*************************************

RNU TVPM